"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

വനിത ശിശു വികസന വകുപ്പ് - മിഷൻ വാത്സല്യ - "The Hindu" പ്രസിദ്ധീകരണത്തിൽ നടത്തിയ ഓൺലൈൻ പ്രചാരണം - 2021-22 സാമ്പത്തിക വർഷം ചെലവായ തുക - 2024-25 സാമ്പത്തിക വർഷം മിഷൻ വാത്സല്യ SCPS Administrative Expense (Training fund - IEC & Media Campaign) കമ്പോണന്റിൽ വകയിരുത്തിയിട്ടുള്ള തുകയിൽ നിന്നും അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വനിത ശിശു വികസന (സി) വകുപ്പ്**

സ.ഉ.(സാധാ) നം.22/2025/WCDD തീയതി,തിരുവനന്തപുരം, 17-01-2025

---

പരാമർശം:-
1. 31.12.2023ലെ സ.ഉ(സാധാ)നം.662/2023/വശിവിവ ഉത്തരവ്
2. 03-09-2024 ലെ വശിവിവ ഡയറക്ടറുടെ DWCD/3889/2023-ICPS 7 നം കത്ത്

**ഉത്തരവ്**

2021-22 സാമ്പത്തിക വർഷം മിഷൻ വാത്സല്യയുടെ (SCPS) പദ്ധതിയുടെ വിവിധ പ്രോഗ്രാമുകൾ ആയ ബാലനിധി, പേരന്റിംഗ് ക്യാംപയിൻ, അഡോപ്ഷൻ എന്നീ വിഷയങ്ങൾ ഉൾപ്പെടുത്തി ദി ഹിന്ദു പത്രത്തിൽ, പ്രസിദ്ധീകരിക്കുന്നതിന് വനിതാ ശിശു വികസന വകുപ്പ് ഡയറക്ടർ അംഗീകാരം നൽകിയതിൻ പ്രകാരം 24.01.2022 മുതൽ 24.02.2022 വരെ ഡിജിറ്റൽ പരസ്യ പ്രചാരണം നടത്തിയതിനു ചെലവായ 59,000/- രൂപ അനുവദിച്ച് പരാമർശം (1) പ്രകാരം ഉത്തരവായിരുന്നു. എന്നാൽ പ്രസ്തുത തുക The Hindu Group of Publications ന് അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവെങ്കിലും സാങ്കേതിക കാരണങ്ങളാൽ PFMS-ൽ നിന്നും തുക മാറാൻ സാധിക്കാത്തതിനാൽ പ്രസ്തുത ബിൽ പ്രകാരമുള്ള 59,000/- രൂപ 2024-25 സാമ്പത്തിക വർഷം മിഷൻ വാത്സല്യ പ്രകാരം SCPS Administrative Expense (Training fund - IEC & Media Campaign) എന്ന കമ്പോണന്റിൽ വകയിരുത്തിയിട്ടുള്ള 25,00,000/- രൂപയിൽ നിന്നും വിനിയോഗിക്കുന്നതിന് അനുമതി നൽകണമെന്ന് പരാമർശം (2) പ്രകാരം വശിവിവ ഡയറക്ടർ അഭ്യർത്ഥിച്ചിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. The Hindu പ്രസിദ്ധീകരണത്തിൽ മിഷൻ വാത്സല്യ (SCPS) പദ്ധതിയുടെ വിവിധ പ്രോഗ്രാമുകളുടെ ഓൺലൈൻ പ്രചാരണത്തിന് 2021-22 സാമ്പത്തിക വർഷം ചെലവായ 59,000/- രൂപ 2024-25 സാമ്പത്തിക വർഷം മിഷൻ വാത്സല്യ മാർഗ്ഗ നിർദ്ദേശ പ്രകാരം SCPS Administrative Expense (Training fund - IEC & Media Campaign) എന്ന കമ്പോണന്റിൽ വകയിരുത്തിയിട്ടുള്ള 25,00,000/- രൂപയിൽ നിന്നും അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സിന്ധു പി ജി
അണ്ടർ സെക്രട്ടറി

ഡയറക്ടർ, വനിതാശിശു വികസന വകുപ്പ്, പൂജപ്പുര, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ജി & എസ്.എസ്.എ/എ&ഇ), കേരളം, തിരുവനന്തപുരം
വെബ് & ന്യൂ മീഡിയ (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Hena. R Raj
സെക്ഷൻ ഓഫീസർ
Date: 17-01-2025 11:15:27